..06664

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ/ആടയാഭരണങ്ങൾ എന്നിവ ലഭ്യമാക്കുന്ന പദ്ധതി - ഇക വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

ന.ഉ(സാധാ)നം.372/2018/പജപവവിവ തിരുവനന്തപുരം, തീയതി. 17/03/2018

പരാമർശം: 1) സ.ഉ(സാധാ)നം.419/2017/പജപവവിവ തീയതി 9/2/2017.

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 02/11/2017 ലെ എഡ്യു.എ.1-84/17 നം. കത്ത്.

ഉത്തരവ്

നൃത്ത-സംഗീത വിഷയങ്ങളിൽ ബിരുദം-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും ലഭ്യമാക്കുന്ന പദ്ധതി സർക്കാർ അംഗീകൃത ഏജൻസി/ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ വിളിച്ച്, സ്റ്റോർസ് പർച്ചേസ് റൂൾ പ്രകാരം നടപ്പിലാക്കുന്നതിനായി 19,65,400/-രൂപ(പത്തൊമ്പത് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാന്നൂറു രൂപ മാത്രം) ഭരണാനുമതി പരാമർശം(1) ഉത്തരവ് പ്രകാരം നൽകിയിരുന്നു.

2. ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും സപ്ലൈ ചെയ്യുന്നതിനായി സർക്കാർ ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിരുന്നെങ്കിലും ഒന്നും തന്നെ ലഭ്യമായിട്ടില്ല. കൂടാതെ ഇവയുടെ നിർമ്മാണം/വിതരണം/വില്പന നടത്തുന്ന സർക്കാർ ഏജൻസികളോ/സർക്കാർ സ്ഥാപനങ്ങളോ ഇല്ല എന്നും പരാമർശം(2) ലെ കത്ത് പ്രകാരം ഡയറക്ടർ അറിയിച്ചിരുന്നു.

3. ഈ സാഹചര്യത്തിൽ ടി പദ്ധതി ലാപ്ടോപ്പ്/സ്റ്റെതസ്കോപ്പ് ഗ്രാന്റ് പദ്ധതി മാതൃകയിൽ. ഉപകരണത്തിന് ചെലവാക്കുന്നതിനായി സർക്കാർ അനുവദിച്ചിരിക്കുന്ന പരമാവധി തുക ധനസഹായമായി ജില്ലാ ഓഫീസർ മുഖേന സ്ഥാപനമേധാവി വഴി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ അനുമതി നൽകണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ/ആടയാഭരണങ്ങൾ എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന ഇക സ്ഥാപനമേധാവി വഴി വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഉഷ.ടി.നായർ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം